LIBRARY ARCHIVES Kerala Legislative Assembly

ദേശീയ സമ്പാദ്യ പദ്ധതി

61(3492) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ജനങ്ങളിൽ മിതവ്യയവും സമ്പാദ്യശീലവും വളർത്തുകയും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവസമാഹരണം നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ നിലവിൽ ഏകദേശം 9000 ഏജന്റുമാർ പ്രവർത്തിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 3200 കോടി രൂപ മിച്ചനിക്ഷേപമായി സമാഹരണം നടത്തുവാൻ തീരുമാനിക്കുകയും 3385.64 കോടി രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലയളവിലും നിക്ഷേപ സമാഹരണത്തിൽ ക്രമാനുക്രമമായ വർദ്ധനവ് നേടിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	നിക്ഷേപ സമാഹരണം (തുക കോടിയിൽ)
2015-16	1208.3
2016-17	1605.21
2017-18	2814.37
2019-20	3139.10

(ബി) ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന വിഹിതം എത്ര ശതമാനമാണ്; ഈ സാമ്പത്തിക വർഷം എത്ര രൂപ അതിനായി ചെലവഴിച്ചിട്ടുണ്ട്?

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഏജന്റുമാർ ക്ഷേമനിധിയിലേയ്ക്ക് ഒടുക്കുന്ന വിഹിതത്തിന്റെ പകുതി (50%) ആണ് സർക്കാർ വിഹിതം. നടപ്പ് സാമ്പത്തിക വർഷം ഈ ആവശ്യത്തിലേയ്ക്കായി വകയിരുത്തിയിരുന്ന 65 ലക്ഷം രൂപയിൽ 21 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതം അടയ്ക്കുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലയളവിലെ കുടിശ്ശിക ഒടുക്കാനുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ സർക്കാർ വിഹിതത്തിൽ കുടിശ്ശികയില്ല.